ഉത്തരം

(എ&ബി) 23-9-2014-ലെ ജി.ഒ. (പി) നമ്പർ 409/2014/ധന. ഉത്തരവ് മുഖേന ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകളിലൊഴികെയുള്ള വകുപ്പുകളിലെ എല്ലാ സേവനങ്ങളുടെ ചാർജ്ജുകളും ഫീസുകളും 15 മുതൽ 50% വരെ വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) ബഡ്ജറ്റിൽ വിഭാവനം ചെയ്തതരത്തിൽ സംസ്ഥാന നികുതി വരവിൽ വർദ്ധനവ് ഉണ്ടാകാതിരിക്കുകയും കേന്ദ്ര നികുതി വിഹിതത്തിലെ കുറവുമൂലം റവന്യൂ വരവിൽ പ്രതീക്ഷിച്ചത്ര വർദ്ധനവ് ഉണ്ടാകാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ വികസന പ്രവർത്തനങ്ങൾ മുടക്കംവരാതെ നടപ്പിലാക്കുന്നതിന് സാധാരണ ജനങ്ങൾക്കുമേൽ അധിക ഭാരമുണ്ടാകാത്ത തരത്തിലാണ് മേൽപറഞ്ഞ വർദ്ധനവ് വരുത്തിയിട്ടുള്ളത്.

ബഡ്ജറ്റുകളിലെ പ്രഖ്യാപിത പദ്ധതികൾ ഉപേക്ഷിക്കലും വെട്ടിച്ചുരുക്കലും

168 (513) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബഡ്ജറ്റുകളിൽ വൻതോതിൽ പദ്ധതി പ്രഖ്യാപിക്കുകയും വർഷാവസാനമാകുമ്പോൾ പദ്ധതി ഉപേക്ഷിക്കുകയോ വെട്ടിച്ചുരുക്കുകയോയാണ് കഴിഞ്ഞ നാല് വർഷവും ഈ സർക്കാർ ചെയ്തതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ;

(ബി) പ്രഖ്യാപിത പദ്ധതികൾ ഉപേക്ഷിക്കുകയോ വെട്ടിച്ചുരുക്കുകയോ ചെയ്യാനുണ്ടാകുന്ന കാരണങ്ങൾ അവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ധനകാര്യവകുപ്പ് നീക്കിവച്ച ധനം നൽകാൻ സാധിക്കാത്തതാണ് വിവിധ വകുപ്പുകൾക്ക് പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിന് സാധിക്കാത്തതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളിൽ മിക്കവയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അവയിൽ പലതും ഇക്കാലയളവിൽ നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കേണ്ട പദ്ധതികളുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുവരികയാണ്. എന്നാൽ ഭൂമി ഏറ്റെടുക്കൽ, പാരിസ്ഥിതികാനുമതി തുടങ്ങിയ സാങ്കേതിക കാരണങ്ങളാലും മറ്റ് ഭരണപരമായ കാരണങ്ങളാലും പ്രഖ്യാപിച്ച പദ്ധതികളിൽ ചിലവ സമയബന്ധിതമായി നടപ്പിലാക്കുവാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ട്.

(സി) പദ്ധതി നിർവ്വഹണത്തിന് ഭരണപരമായ നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് പ്രവർത്തന പുരോഗതിയുടെയും അടിസ്ഥാനത്തിൽ അതാത് വർഷം പദ്ധതി നടത്തിപ്പിനാവശ്യമായ തുക അനുവദിക്കാറുണ്ട്.

ആറ്റിങ്ങൽ പട്ടണത്തിലെ എൻ.എച്ച്-ന്റെ വീതി കൂട്ടുവാൻ അനുമതി

169 (514) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ പട്ടണത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുവാൻ പട്ടണത്തിൽ എൻ.എച്ച്.-ന്റെ വീതി കൂട്ടുവാനായി സമർപ്പിച്ചിരിക്കുന്ന പദ്ധതിക്ക് ഫയൽ നമ്പർ ഇ-74757 (ഇൻഡസ്ട്രീസ് ആന്റ് പി.ഡബ്ല്യു.ഡി.) ധനകാര്യ വകുപ്പിന്റെ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ഫയൽ തീർപ്പാക്കുന്നതിന് കാലതാമസംവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാലതാമസം വരുന്നതിന് കാരണം വ്യക്തമാക്കാമോ ;

(സി) മാതൃകാ പദ്ധതിയായി നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ച പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ആറ്റിങ്ങൽ പട്ടണത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരം കാണുവാൻ പട്ടണത്തിൽ എൻ.എച്ച്.-ന്റെ വീതി കൂട്ടുവാനായി പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിരിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിൽ പരിശോധിച്ചുവരികയാണ്. പരിശോധനയ്ക്കുശേഷം ടി വിഷയത്തിൽ ഉചിതമായ ഒരു തീരുമാനം കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly